# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7302 — 14.07.2014- ലെ മറുപടിക്ക്

## വൻകിട പദ്ധതികൾക്ക് മാത്രമായി ഒരു പുതിയ ബഡ്ജറ്റ് ഹെഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. കെ. ശിവദാസൻ നായർ:<br>ശ്രീ. എം. എ. വാഹീദ്:<br>ശ്രീ. ജോസഫ് വാഴക്കൻ: | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന വൻകിട പദ്ധതികൾക്ക് മാത്രമായി ഒരു പുതിയ ബഡ്ജറ്റ് ഹെഡ് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എ) ഉണ്ട്. സംസ്ഥാനത്ത് നടപ്പാക്കുന്ന വൻകിട പദ്ധതികൾക്കായി 'വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതി' യിൽപ്പെടുത്തി 5475-00-800-92 എന്ന ബജറ്റ് ശീർഷകത്തിൽ 2013-14-ൽ 346.03 കോടി വകയിരുത്തിയിരുന്നു. 2014-15 സാമ്പത്തികവർഷം 10 വൻകിട പദ്ധതികൾക്കായി പ്രസ്തുത ശീർഷകത്തിൽ 1225 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ**

1. കൊച്ചി-പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെന്റ് മാനുഫാക്ചറിംഗ് സോൺ
2. പെട്രോളിയവും കെമിക്കൽസും പെട്രോ കെമിക്കൽസും ഇൻവെസ്റ്റ് മെന്റ് മേഖല
3. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖം
4. കൊച്ചി മെട്രോ
5. തിരുവനന്തപുരത്തും കോഴിക്കോട്ടും മോണോ റയിൽ പദ്ധതികൾ
6. കണ്ണൂർ എയർപോർട്ട്
7. മൊബിലിറ്റി ഹബ്ബ്

8. സബർബൻ റയിൽ കോറിഡോർ
9. 35-ാം ദേശീയ ഗയിംസ്
10. തലസ്ഥാന നഗര വികസന പദ്ധതി

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിച്ചതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) | വിവിധ വൻകിട പദ്ധതികൾക്ക് പ്രത്യേകം പ്രത്യേകം ബജറ്റ് ശീർഷകങ്ങളിൽ ഫണ്ട് വകയിരുത്തുമ്പോൾ സാമ്പത്തിക വർഷ ത്തിന്റെ അവസാനം പണം പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ വന്നിട്ടുള്ള സാഹചര്യം ഒഴിവാക്കുന്നതിനു വേണ്ടി യാണ് ഇപ്രകാരം ചെയ്തിട്ടുള്ളത്. വൻകിട വികസന പദ്ധതികളുടെ കാര്യത്തിൽ പ്രത്യേകിച്ചും അവയുടെ ആരംഭത്തിൽ, അനുവദിച്ചിട്ടുള്ള ഫണ്ട് ആ സാമ്പത്തിക വർഷം തന്നെ വിനിയോ ഗിക്കുന്നതിന് പല പരിമിതികളുമുണ്ട്. ഇത് ഒഴിവാക്കുന്നതിനായി ഇത്തരത്തി ലുള്ള വിവിധ പദ്ധതികളുടെ ഫണ്ട് ഒരു ശീർഷകത്തിൽ വകയിരുത്തിയാൽ അതിൽ നിന്നും ഓരോ പദ്ധതിയുടെയും നിർവ്വഹണ പുരോഗതി വിലയിരുത്തി ആവശ്യാനുസരണം ഫണ്ട് വിനിയോഗി ക്കാൻ കഴിയും. |
| (സി) | സാമ്പത്തിക വർഷത്തിന്റെ അവസാനം വൻകിട പദ്ധതികൾക്ക് ധനലഭ്യത ഉറപ്പു വരുത്തുവാൻ എത്രമാത്രം പ്രയോജനപ്പെ ടുത്താനാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടു ള്ളതെന്ന് വിശദമാക്കുമോ; | (സി) | വൻകിട പദ്ധതികൾക്ക് സാമ്പത്തിക വർഷത്തിന്റെ അവസാനം ആവശ്യാനു സരണം ഫണ്ട് ലഭ്യമാക്കാനാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. |
| (ഡി) | ബഡ്ജറ്റ് ഹെഡിൽ തുക വകയിരു ത്താനും ചെലവഴിക്കാനും ആസൂത്രണ ബോർഡിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ? | (ഡി) | വിവിധ വകുപ്പു തലവൻമാരുടെ നിർദ്ദേശം പരിഗണിച്ച് സംസ്ഥാന ആസൂത്രണ ബോർഡാണ് ആവശ്യമായ ഫണ്ട് വകയി രുത്തുന്നത് ഈ ഫണ്ടിന്റെ നിയന്ത്രണവും വിനിയോഗവും ആസൂത്രണ സാമ്പത്തിക |

കാര്യവകുപ്പ് സെക്രട്ടറിയുടെ ചുമതല യിലാണ്. ഓരോ പദ്ധതിയ്ക്കും ഒരു ലക്ഷം രൂപ വീതം ബന്ധപ്പെട്ട മേഖലകളിൽ ടോക്കൺ പ്രൊവിഷൻ വകയിരുത്തി ഉപയോഗ വ്യവസ്ഥ വിശദ മാക്കിയിട്ടുണ്ട്. ഓരോ പദ്ധതിയ്ക്കും ആവശ്യമായി വരുന്ന തുക മൊത്ത ത്തിലുള്ള തുകയിൽ നിന്നും പദ്ധതി പ്രവർത്തനത്തിന്റെ പുരോഗതി അനുസ രിച്ച് ധനകാര്യ വകുപ്പ് നൽകുന്നതാണ്. ഈ ഫണ്ടിന്റെ വിനിയോഗത്തിനായി താഴെപ്പറയും പ്രകാരം ഒരു ഹൈപ്പവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

പ്രിൻസിപ്പൽ സെക്രട്ടറി, ധനവകുപ്പ് - ചെയർമാൻ

സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് - മെമ്പർ

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ് - മെമ്പർ

സെക്രട്ടറി, വ്യവസായ വകുപ്പ് - മെമ്പർ

സെക്രട്ടറി, ഗതാഗത വകുപ്പ് - മെമ്പർ

സെക്രട്ടറി, സ്പോർട്സ് & യുവജനകാര്യ വകുപ്പ് - മെമ്പർ

സെക്രട്ടറി, തുറമുഖ വകുപ്പ് - മെമ്പർ

ബന്ധപ്പെട്ട വകുപ്പ് തലവന്മാർ - പ്രത്യേക ക്ഷണിതാക്കൾ.

സെക്ഷൻ ഓഫീസർ.